

# ചുമരുകൾക്കപ്പുറം നിങ്ങൾക്ക് കാണാനാവില്ല

## സുതാര്യത മുൻവിധിയ്ക്കു പകരമാവുമ്പോൾ

**ദാജി**

സുവർണ്ണ ജൂബിലി ആഘോഷവേളയിൽ നൽകിയ സന്ദേശം

ഷാജഹാൻപൂർ യോഗാശ്രമത്തിന്റെ

ബാച്ച് 5: 28 ഫെബ്രുവരി – 2 മാർച്ച്, 2026

# ചുമരുകൾക്കപ്പുറം നിങ്ങൾക്ക് കാണാനാവില്ല

## സുതാര്യത മുൻവിധിയ്ക്കു പകരമാവുമ്പോൾ

പ്രിയ സുഹൃത്തുക്കളേ,

ചായമടിച്ച ചില്ലുകളോടുകൂടിയ ജനവാതിലുകളുള്ള ഒരു വീടിന് ഒരാൾ അനന്തരാവകാശിയായി. ഓരോ കണ്ണാടിപ്പാളിയിലൂടേയും ഓരോ നിറത്തോടെയാണ് പുറംലോകം കാണാനായിരുന്നത്. നീലനിറമുള്ള കണ്ണാടി ചില്ലിലൂടെ നോക്കുമ്പോൾ പൂന്തോട്ടം ശോകാകുലമായാണ് അനുഭവപ്പെട്ടത്.ചുവന്നനിറത്തോടെയുള്ളകണ്ണാടി,ഭീഷണിപ്പെടുത്തുന്ന പ്രതീതിയുളവാക്കി. ആംബർ നിറം, എല്ലാം പഴകിയതും നിറം മങ്ങിയതുമായ കാഴ്ചയാണ് നൽകിയത്.  ഈ ജനവാതിലുകളുമായി വളരെക്കാലം പൊരുത്തപ്പെട്ടു ജീവിച്ചിരുന്നതിനാൽ, അവ നിറം കൊടുത്തവയാണെന്ന കാര്യം അയാൾ മറന്നേ പോയിരുന്നു. താൻ കാണുന്ന രീതിയിലാണ് ലോകമെന്ന് അയാൾ ധരിച്ചുവെച്ചു. ഒരു കാലാവർഷാരംഭത്തിൽ, വൈകുന്നേരം, കൊടുങ്കാറ്റിൽ ജനലിന്റെ ഒരു പാളിയ്ക്ക് വിള്ളൽ വീണു. അപ്പോഴുണ്ടായ വ്യക്തമായ വിടവിലൂടെ, പേരറിയാത്ത അനവധി നിറങ്ങൾ അയാൾക്ക് കാണാനായി.

നമ്മളിൽ മിക്കവരും ആ വീട്ടിലാണ് താമസിക്കുന്നത്. നമുക്ക് അവകാശമായി കിട്ടിയ നിറമടിച്ച ഗ്ലാസ്സ്ച്ചില്ല് നമ്മളല്ല അവിടെയുറപ്പിച്ചത്. കുടുംബം,സമൂഹം, സംസ്കൃതി, നമ്മുടെ തന്നെ

അനുഭവങ്ങൾ തുടങ്ങിയവയെല്ലാമാണ് അതവിടെയുറപ്പിച്ചത്. അതിന്റെ നിറങ്ങളിലല്ല അപകടമിരിക്കുന്നത്; ചില്ല് നിറംപിടിപ്പിച്ചതാണെന്ന യാഥാർത്ഥ്യം നാം ഓർക്കാത്തതാണ്. നമ്മുടെ മുൻവിധികളിലൂടെ നോക്കിക്കാണുകയും, അതെല്ലാം വ്യക്തതയോടെയാണ് കാണുന്നത് എന്ന് നാം വിശ്വസിക്കുകയും ചെയ്യുന്നതാണ് അപകടം. മുൻവിധിയാണ് ആത്മീയജീവിതത്തിന് ഏറ്റവും വിഷകരമായത് എന്ന, ഞെട്ടിപ്പിക്കുന്ന കൃത്യതയോടെ ബാബുജി തിരിച്ചറിഞ്ഞ അവസ്ഥയിതാണ്.

## വിവേകമെന്നു തോന്നിപ്പിക്കുന്ന വിഷം

വിഷമെന്നത് രസകരമായൊരു വാക്കാണ്. ജീവനുള്ളൊരു സംവിധാനത്തിനകത്ത് കയറി, അതിനെ ഉള്ളിൽ നിന്നു ദുഷിപ്പിക്കുന്ന ഒന്ന് എന്നാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. കേടുപാടുകൾ സംഭവിച്ചുകഴിഞ്ഞതിനുശേഷം മാത്രമേ, വിഷം പടർന്നുവെന്ന് ശരീരമറിയൂ. അതുകൊണ്ടാണ്, നാമിതുവരെ പരിശോധിച്ച വസ്തുതകളെക്കാളൊക്കെ മുൻവിധി കൂടുതൽ അപകടകാരിയാവുന്നത്. ലക്ഷ്യത്തെക്കുറിച്ചുള്ള ധാരണയുണർത്തൽ എന്നതിൽ അലസത മുഖമുദ്രയാവുന്നത് നാം കണ്ടു. ശക്തമായൊരു അടിത്തറയൊരുക്കുക എന്ന സന്ദേശത്തിൽ, സംശയത്തിന്റെ വിക്രിയകൾ നമുക്കനുഭവമായി. ആകാശത്തോളം വളരുക എന്നതിൽ സത്യസന്ധതയോടെ നിരീക്ഷിക്കാൻ തയ്യാറാവുന്ന ഏവർക്കും മിഥ്യാഭിമാനത്തെ തിരിച്ചറിയാനാവും എന്നറിഞ്ഞു. എന്നാൽ മുൻവിധിയുടെ കാര്യമെങ്ങിനെയാണ്? വിവേകത്തിന്റെ ആവരണമണിഞ്ഞാണ് മുൻവിധി നിൽക്കുന്നത്. സത്യത്തോട് കൂറുള്ളവനായാണ് അത് സ്വയം അവതരിപ്പിക്കുന്നത് – അനുഭവത്തിലൂടെ വിവേകിയാവുന്നതുപോലെ, ശരിയായി വ്യാഖ്യാനം ചെയ്ത് അഭിപ്രായം രൂപീകരിക്കുവാൻ തക്കവണ്ണം പരിപക്വമായ കഴിവുപോലെ. മുൻവിധിയുള്ളൊരു മനസ്സിന്നൊരിക്കലും രോഗാതുരമെന്ന തോന്നലുണ്ടാവില്ല; അത്രയും ഉറപ്പതിനുണ്ടാവും.



"അകാല ബൗദ്ധിക വാർദ്ധക്യം" എന്നാണ് മഹാനായ അമേരിക്കൻ വിദ്യാഭ്യാസ വിചക്ഷണൻ അടഞ്ഞ മനഃസ്ഥിതിയെ (സങ്കുചിത മനോഭാവം) വിശേഷിപ്പിച്ചത്. മനസ്സിന്റെ സൗമ്യത (വഴക്കം) നഷ്ടമാവുന്നു. അതിനിനി സ്വീകാര്യക്ഷമമാവാനാവില്ല. വിശകലനം നടത്താനോ, തനിമയുള്ള, പുതിയ കാര്യങ്ങളോട് പ്രതികരിക്കാനോ അതിനു കഴിയില്ല. ആദ്യമായി കാണുന്നൊരു വ്യക്തി, അപരിചിതമായ ആശയം, നിലവിലുള്ള ചട്ടക്കൂടിലൊതുങ്ങാത്ത എല്ലാ അനുഭവങ്ങൾ – എല്ലാം കാലങ്ങൾക്കുമുമ്പുതന്നെ രൂപപ്പെടുത്തപ്പെട്ട നിഗമനങ്ങളിലൂടെ വേർതിരിച്ചെടുക്കുകയാണ്. യാഥാർത്ഥ്യത്തെ നേരിടുന്നത് നാം ഒഴിവാക്കുന്നു; പകരം, യാഥാർത്ഥ്യത്തെക്കുറിച്ചുള്ള നമ്മുടെ തന്നെ അഭിപ്രായങ്ങൾ മാത്രം നാം നേരിടുന്നു. രണ്ടും നാം തെറ്റിദ്ധരിക്കുന്നു.

## അത് ശക്തിപ്പെടുത്തുന്ന ചങ്ങല

മനഃശാസ്ത്രത്തേക്കാൾ അഗാധതലത്തിലെത്തുന്നു, ബാബുജിയുടെ ഉൾക്കാഴ്ച്ച; അദ്ദേഹമൊരു തത്ത്വമീമാംസാപരമായ (metaphysical) പരിണിതഫലത്തെ തിരിച്ചറിയുകയാണിവിടെ. "സ്വയം കേന്ദ്രീകൃതമായ പെരുമാറ്റത്തിന്റെ (അഹംഭാവം) നിലയിലുള്ള ശൃംഖലയിൽ മുൻവിധി ഒരു കണ്ണികൂടി ചേർക്കുകയാണ്," ബാബുജി പറയുന്നു. ഇതിന്റെ അർത്ഥമെന്തെന്ന് നമുക്ക് പരിശോധിക്കാം: അടിസ്ഥാനപരമായി, മുൻവിധിയോടെയുള്ള ഓരോ പ്രവൃത്തിയും ഒരു പ്രഖ്യാപനമാണ്: 'എന്റെ കാഴ്ച്ചപ്പാടാണ് ശരിയായത്.' 'എന്റെ ഗ്രൂപ്പാണ് ഏറ്റവും അനുയോജ്യമായത്.' എന്റെ കാഴ്ച്ചാ ശൈലിയാണ് എല്ലാവരും പിന്തുടരേണ്ട രീതി.' മറ്റുള്ളവരെക്കുറിച്ചുള്ള വിലയിരുത്തലെന്നു തോന്നിച്ചേക്കാമെങ്കിലും, അടിസ്ഥാനപരമായി അത് അവനവനെപ്പറ്റിയുള്ളൊരു പ്രസ്താവനയായായി വേണം കരുതാൻ. അത്തരമോരോ പ്രസ്താവനകളും അഹങ്കാരത്തിന്റെ പുറംതോടിനെ ബലപ്പെടുത്തും; വീണ്ടുമൊന്നിക്കണമെന്ന ആഗ്രഹം പുലർത്തുന്ന സമുദ്രവുമായി തുള്ളിയെ (വ്യക്തിയെ) വേർതിരിച്ചുനിർത്തുന്ന അതേ വസ്തുത.

അതുകൊണ്ടാണ് ബാബുജി ഞെട്ടിപ്പിക്കുന്ന ഈ ന്യായവാദത്തിലെത്തിയത്: അനന്തമായതിനെ സാക്ഷാത്ക്കരിക്കുക എന്നതൊരു അസംഭാവ്യതയാവുന്നു. അത് ബുദ്ധിമുട്ടുള്ളതോ അസാദ്ധ്യമോ ആയിരുന്നില്ല, അതൊരു അസംഭവ്യതയാണ്. പരിമിതമായ ചുമരുകൾ കെട്ടിക്കൊണ്ടിരുന്നാൽ അനന്തമായതിൽ നമുക്ക് എത്തിപ്പെടാനാവില്ല. വേറിട്ടുനിൽക്കണമെന്ന നിർബന്ധബുദ്ധിയുള്ളപ്പോൾ പൂർണ്ണതമായുള്ള ലയനം സാദ്ധ്യമാവില്ല. തനിക്കുചുറ്റും അതിർവരമ്പ് സൃഷ്ടിച്ച ബോധം, ആ അതിർവരമ്പിനു പുറത്തുള്ളതെല്ലാം കുറവുള്ളതാണെന്നും, തെറ്റായതാണെന്നും പ്രഖ്യാപിച്ച്, അപാരതയുടെ അനുഭവം സിദ്ധിക്കുന്നതിൽനിന്നും സ്വയം ഘടനാപരമായി അയോഗ്യനായിരിക്കുകയാണ്. ഇത് തികച്ചും യുക്തിപരമാണ്.

## മതിലായി മാറിയ പാലം

ബാബുജിയുടെ വിശകലനത്തിലെ, ഒരുപക്ഷേ ഏറ്റവും സമചിത്തമായ പരിമാണം, മുൻവിധിയുടെ സ്വാധീനം കൊണ്ട് മതങ്ങൾക്ക് എന്തു സംഭവിക്കുമെന്നതാണ്.മനുഷ്യനും ദിവ്യത്വവും തമ്മിലുള്ളൊരു പാലമായി രൂപകൽപ്പന ചെയ്ത മതം, പകരമൊരു തടസ്സമായി മാറുകയാണ്.



പരിമിതമായ ചുമരുകൾ കെട്ടിക്കൊണ്ടിരുന്നാൽ അനന്തമായതിൽ നമുക്ക് എത്തിപ്പെടാനാവില്ല. വേറിട്ടുനിൽക്കണമെന്ന നിർബന്ധബുദ്ധിയുള്ളപ്പോൾ പൂർണ്ണതമായുള്ള ലയനം സാദ്ധ്യമാവില്ല. തനിക്കുചുറ്റും അതിർവരമ്പ് സൃഷ്ടിച്ച ബോധം, ആ അതിർവരമ്പിനു പുറത്തുള്ളതെല്ലാം കുറവുള്ളതാണെന്നും, തെറ്റായതാണെന്നും പ്രഖ്യാപിച്ച്, അപാരതയുടെ അനുഭവം സിദ്ധിക്കുന്നതിൽനിന്നും സ്വയം ഘടനാപരമായി അയോഗ്യനായിരിക്കുകയാണ്. ഇത് തികച്ചും യുക്തിപരമാണ്.



ബന്ധപ്പെട്ടുനിൽക്കാനുപകരിക്കേണ്ടത്, വേർതിരിക്കലിന്റെ ഉപകരണമാവുകയാണ്. എങ്ങിനെയാണത് സംഭവിക്കുന്നത്? “ഞാൻ വിശ്വസിക്കുന്ന മതം മാത്രമാണ് പിന്തുടരാൻ യോഗ്യമായിട്ടുള്ളത്” എന്ന കാഴ്ച്ചപ്പാടിലൂടെ നാം വിശുദ്ധമായതിനെ സമീപിക്കുമ്പോൾ, ദൈവവുമായുള്ള സജീവമായ അനുഭവത്തെ, രൂപത്തോടുള്ള നിർജീവമായ വിധേയത്വം കൊണ്ട് പകരം വെയ്ക്കുകയാണ് ചെയ്യുന്നത്. വെള്ളത്തെ മറന്നുകൊണ്ട്, വെള്ളം നിറക്കാനുള്ള പാത്രത്തെ നാം ആരാധിക്കുകയാണ്.

ഇത് ഏതെങ്കിലും ഒരു പാരമ്പര്യത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന പ്രശ്നമല്ല. മനുഷ്യർ ചന്ദ്രനിലേക്ക് വിരൽ ചൂണ്ടി അത് ചന്ദ്രനാണെന്ന് തെറ്റിദ്ധരിക്കുന്നിടത്തെല്ലാം ഇത് നിലനിൽക്കുന്നു. ഒരു മുസ്ലീമിന്റെ അരികിലിരുന്ന് ധ്യാനിക്കാത്ത ഹിന്ദുവിലാണ് അത് ജീവിക്കുന്നത്. എല്ലാ ആത്മീയാനുഭവങ്ങളെയും മിഥ്യയായി തള്ളിക്കളയുന്ന ശാസ്ത്രജ്ഞനിലാണ് അത് ജീവിക്കുന്നത്. നമ്മൾ അത്രക്ക് സത്യസന്ധരാണെങ്കിൽ, അത് നമ്മളിലും നിശബ്ദമായി വസിച്ചേക്കാം, നമ്മൾ ഇതുവരെ പരിശോധിച്ചിട്ടില്ലാത്ത കോണുകളിൽ അവയെ കാണാൻ സാധിക്കും, അനുമാനങ്ങൾ മാത്രമാണെന്ന് നമ്മൾ മറന്നുപോയ പരിചിതമായ സാഹചര്യങ്ങളിൽ പോലും.

## ഗ്ലാസ്സിനെ അലിയിക്കുന്നത് എന്താണ്?

ഒഴിഞ്ഞ പാത്രത്തിന് സ്വീകരിക്കാനുള്ള കഴിവുള്ളതുപോലെ, ഒഴിഞ്ഞ ഹൃദയത്തിൽ സ്നേഹത്തിന് ഇടമുണ്ട്. സ്നേഹം നമ്മൾ സൃഷ്ടിക്കുന്ന ഒന്നല്ല, മറിച്ച് സാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ ഉണ്ടാകുന്ന ഒന്നാണ്. സ്നേഹത്തിന്റെ കടന്നുവരവിനായി മുൻവിധികൾ ആഴത്തിൽ വേരോടെ പിഴുതെറിയപ്പെടേണ്ടതാണ്. എന്നിരുന്നാലും, ആലങ്കാരികമായി പറഞ്ഞാൽ, ഇതിന് വിപരീതവും ശരിയാണ്: സ്നേഹം തന്നെയാണ് ഉള്ളിൽ നിന്ന് മുൻവിധികളെ എല്ലാം ഇല്ലാതാക്കുന്ന ശക്തി. സ്നേഹം വികസിക്കുമ്പോൾ ഭയം സങ്കോചിക്കുന്നു. ഒരു നിശ്ചിത

സ്ഥാനത്തെ ചുറ്റിപ്പറ്റിയുള്ള ബോധത്തിന്റെ സങ്കോചമായ മുൻവിധിക്ക് ആത്യന്തികമായി യഥാർത്ഥ വികാസത്തെ അതിജീവിക്കാൻ കഴിയില്ല.

ഇവിടെയാണ് ധ്യാനം അനിവാര്യമായി മാറുന്നത്. എല്ലാവരെയും സ്നേഹിക്കണമെന്ന് നിങ്ങൾക്ക് വാദിക്കാൻ കഴിയില്ല, അതുപോലെ തുറന്നുപറഞ്ഞ് നിങ്ങൾക്ക് സ്വയം ലജ്ജിക്കാനും കഴിയില്ല. ആഴത്തിലുള്ള പരിശീലനത്തിന്റെ നിശബ്ദതയിൽ, ചിന്ത സ്ഥിരമാകുകയും, ചഞ്ചലമനസ്സ് ശാന്തമാകുകയും ചെയ്യുമ്പോൾ, ശ്രദ്ധേയമായ എന്തെങ്കിലും സംഭവിക്കുന്നു. നമ്മളുണ്ടാക്കിയ അതിരുകൾ നാം തിരിച്ചറിഞ്ഞു തുടങ്ങും; കാരണം, അവ നമ്മുടെ തന്നെ സൃഷ്ടികളാണ്. ഈ അതിരുകൾ യാഥാർത്ഥ്യമോ സത്യമോ അല്ല, മറിച്ച് അവ മനസ്സിന്റെ ശീലങ്ങളും, പ്രതികരണ രീതികളും, നമ്മൾ ഒരിക്കലും ചോദ്യം ചെയ്യാൻ ആഗ്രഹിക്കാത്ത തലമുറകളായി ലഭിച്ച നിഗമനങ്ങളുമാണെന്ന് നാം തിരിച്ചറിയുന്നു.

ദൈവിക സംപ്രേഷണമായ പ്രാണാഹുതിയിലൂടെ, മനസ്സിന്റെ വിഭാഗങ്ങളേക്കാൾ വിശാലമായ ഒന്നുമായുള്ള നേരിട്ടുള്ള സമ്പർക്കത്തിലൂടെ ഹൃദയം മൃദുവാകുന്നു. ആ വിശാലതയിൽ, മുൻവിധികൾക്ക് ഇടമില്ല; നമ്മൾ അതിനെ ചെറുത്തു തോൽപ്പിച്ചതുകൊണ്ടല്ല, മറിച്ച് അതിരുന്ന പ്രദേശത്തിനുമപ്പുറത്തേക്ക് നാം വ്യാപിച്ചതുകൊണ്ടാണ്. സമുദ്രത്തിൽ ഒഴുകിയെത്തിയ നദി, അത് ഒരിക്കൽ ഒഴുകിയിരുന്ന പ്രത്യേക താഴ്‌വരയെക്കുറിച്ച് ചിന്തിക്കാറില്ല; കാരണം അത്തരം ചെറിയ കാര്യങ്ങൾക്കപ്പുറത്തേക്കത് അത് വലുതായിയിരിക്കുന്നു.

## ഗ്ലാസിലെ വിള്ളൽ

മുൻവിധി, അത് പിടിച്ചുനിൽക്കുന്ന വ്യക്തിക്ക് ദോഷം വരുത്തുക മാത്രമല്ല, പുറത്തേക്ക് പ്രസരിക്കുകയും ചെയ്യുന്നു. മറ്റുള്ളവർ അത് അനുഭവിക്കുകയും കുട്ടികൾ അതിനെ ആഗിരണം ചെയ്യുകയും ചെയ്യുന്നു,



സമൂഹങ്ങൾ അതിന്റെ അദൃശ്യരേഖകൾക്കനുസരിച്ച് വിഘടിക്കുന്നു. ഇന്ത്യ രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയെങ്കിലും ആത്മാവിന്റെ സ്വാതന്ത്ര്യം നേടിയിട്ടില്ല എന്ന് ബാബുജി എഴുതിയപ്പോൾ, കാലാതീതമായ ഒന്ന് അദ്ദേഹം തിരിച്ചറിയുകയായിരുന്നു: അതായത്, ആന്തരിക മോചനമില്ലാതെ ബാഹ്യമോചനം അപൂർണ്ണമാണ് എന്ന്.

നമ്മുടെ ആന്തരിക അന്തരീക്ഷം പരിശോധിക്കാൻ നമ്മൾ ഓരോരുത്തരും ബാധ്യസ്ഥരാണ്. കുറ്റബോധത്തോടെ സ്വയം പരിശോധിക്കേണ്ട ആവശ്യമില്ല, കാരണം കുറ്റബോധം സങ്കോചത്തിന്റെ മറ്റൊരു രൂപം മാത്രമാണ്. പകരം, സത്യസന്ധമായ ജിജ്ഞാസയോടെ ആത്മപരിശോധന നടത്താൻ ശ്രമിക്കുക: “ഞാൻ എവിടെയാണ് കേൾക്കുന്നത് നിർത്തിയത്?” “പുതിയ തെളിവുകളില്ലാതെ, ഒരു വ്യക്തിക്കോ, മാർഗത്തിനോ, ആശയത്തിനോ എനിക്ക് വാഗ്ദാനം ചെയ്യാൻ ഒന്നുമില്ലെന്ന് ഞാൻ എവിടെയാണ് തീരുമാനിച്ചത്?” “എവിടെയാണ് ഞാൻ സത്യത്തിന്റെ സാന്നിധ്യവും ഉറപ്പിന്റെ ആശ്വാസവും തമ്മിൽ കൂട്ടിക്കുഴച്ചത്?”

പാരമ്പര്യമായി ലഭിച്ച വീട്ടിലെ ആ മനുഷ്യന് തന്റെ ജനാലകൾ തകർക്കേണ്ടി വന്നില്ല. അയാൾക്ക് ഒരു ചെറിയ വിള്ളൽ മാത്രമേ ആവശ്യമായിരുന്നുള്ളൂ, കലർപ്പില്ലാത്ത പ്രകാശത്തിന് പ്രവേശിക്കാൻ കഴിയുന്ന ഒരു ചെറിയ ദ്വാരം. ആ വിള്ളൽ ആത്മീയ സ്വാതന്ത്ര്യത്തിന്റെ തുടക്കമാണ്: അത് കൂടുതൽ ശരിയായ ഉത്തരങ്ങളുടെ ശേഖരണമല്ല,



ദൈവിക സംപ്രേഷണമായ പ്രാണാഹുതിയിലൂടെ, മനസ്സിന്റെ വിഭാഗങ്ങളേക്കാൾ വിശാലമായ ഒന്നുമായുള്ള നേരിട്ടുള്ള സമ്പർക്കത്തിലൂടെ ഹൃദയം മൃദുവാകുന്നു. ആ വിശാലതയിൽ, മുൻവിധികൾക്ക് ഇടമില്ല; നമ്മൾ അതിനെ ചെറുത്തു തോൽപ്പിച്ചതുകൊണ്ടല്ല, മറിച്ച് അതിരുന്ന പ്രദേശത്തിനുമപ്പുറത്തേക്ക് നാം വ്യാപിച്ചതുകൊണ്ടാണ്.

നേരെമറിച്ച്, നമ്മുടെ ഉത്തരങ്ങളെ ലാഘവത്തോടെ നിലനിർത്താനും, യാഥാർത്ഥ്യത്തിന്റെ വിശാലത നമ്മെ നിരന്തരം അത്ഭുതപ്പെടുത്താനും പുനർരൂപകൽപ്പന ചെയ്യാനുമുള്ള സന്നദ്ധതയുമാണത്.

നമുക്ക് കാണാൻ കഴിയാത്ത മതിലുകൾ പൊളിക്കാൻ എപ്പോഴും ബുദ്ധിമുട്ടാണ്, എന്നാൽ ഈ ജോലിയെ മൂല്യവത്താക്കുന്ന സത്യം ഇതാണ്: അവയെ നമ്മൾ ബലപ്രയോഗത്തിലൂടെ പൊളിച്ചുമാറ്റുന്നില്ല. അവയ്ക്കുള്ളിൽ ഇനി ജീവിക്കാൻ കഴിയാത്തവിധം വലുതായി വളരുന്നതിലൂടെ നാം അവയെ ഇല്ലാതാക്കുന്നു. ആ ചുമരുകൾ ഇല്ലാതാകുമ്പോൾ, ഒരു പുതിയ ചലനം ഉണ്ടായിത്തുടങ്ങുന്നു; അവിടെ ഒരു സാന്നിധ്യം എല്ലായ്പ്പോഴും കാത്തിരിക്കുന്നുണ്ട്. അടുത്ത സന്ദേശത്തിൽ നമ്മൾ ഇത് കൂടുതൽ പര്യവേക്ഷണം ചെയ്യും: എല്ലാ തടസ്സങ്ങളിൽ നിന്നും മുക്തമായ സ്നേഹം, അതിന്റെ മുഴുവൻ ശക്തിയും ദൈവത്തിലേക്ക് തിരിച്ചുവിട്ട് ഭക്തിയായി മാറുന്ന നിമിഷം.

സ്നേഹത്തോടും പ്രാർത്ഥനയോടും,
കമലേഷ്

ഷാജഹാൻപൂരിലെ യോഗാശ്രമത്തിന്റെ
സുവർണ്ണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നൽകിയ സന്ദേശം
ബാച്ച് 5: 2026 ഫെബ്രുവരി 28 മുതൽ മാർച്ച് 2 വരെ



## ദാജിയുമൊത്തുള്ള മാസ്റ്റർക്ലാസുകൾ

നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഹാർട്ട്ഫുൾനെസ് ധ്യാനം ആരംഭിക്കാം! മൂന്ന് ഭാഗങ്ങളുള്ള മാസ്റ്റർക്ലാസ് പരമ്പരയിൽ ദാജിയോടൊപ്പം ചേരൂ, ഹാർട്ട്ഫുൾനെസ് പരിശീലനത്തിന്റെ ഗുണങ്ങൾ അദ്ദേഹം നിങ്ങളുമായി പങ്കുവെക്കുകയും, നിങ്ങളുടെ ദിനചര്യയിൽ ഹാർട്ട്ഫുൾനെസ് റിലാക്സേഷൻ, ധ്യാനം, ശുദ്ധീകരണം, പ്രാർത്ഥന എന്നിവ എങ്ങനെ സംയോജിപ്പിക്കാമെന്ന് വിശദീകരിക്കുകയും ചെയ്യുന്നു. എല്ലാ മാസ്റ്റർക്ലാസുകളും സൗജന്യമാണ്.

https://heartfulness.org/global/masterclass/

## ഹാർട്ട്ഫുൾനെസ് പരിശീലനങ്ങൾ

ഹാർട്ട്ഫുൾനെസ് പരിശീലനരീതികൾ മനസ്സിലാക്കുക – വിശ്രാന്തിയിലാവാനും, ധ്യാനിക്കാനും ശുദ്ധീകരിക്കാനും, പ്രാർത്ഥിക്കാനും പഠിക്കുക.

https://heartfulness.org/in-en/heartfulness-practices/

heartfulness
purity weaves destiny

